# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/07/2023.

1. മഴക്കാലക്കെടുതിമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. പ്രസ്തുത കൺട്രോൾ റൂമുകളുടെ ഫോൺ നമ്പറുകൾ ചുവടെചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 9446289277 | 9562435768 |
| 2 | കൊല്ലം | 9447905620 | 9497158066 |
| 3 | പത്തനംതിട്ട | 9446041039 | 9446324161 |
| 4 | ആലപ്പുഴ | 7559908639 | 9539592598 |
| 5 | കോട്ടയം | 9446333214 | 7561818724 |
| 6 | എറണാകുളം | 8921109551 | 9496280107 |
| 7 | തൃശ്ശൂർ | 9495132652 | 8301063659 |
| 8 | ഇടുക്കി | 9447037987 | 8075990847 |
| 9 | പാലക്കാട് | 8547395490 | 9074144684 |
| 10 | മലപ്പുറം | 9744511700 | 9446474275 |
| 11 | കോഴിക്കോട് | 9847402917 | 9383471784 |
| 12 | വയനാട് | 9495622176 | 9495143422 |
| 13 | കണ്ണൂർ | 9383472028 | 9495887651 |
| 14 | കാസർഗോഡ് | 9446413072 | 7999829425 |

2. 2023-24 വർഷത്തേയ്ക്കുള്ള സംസ്ഥാന കർഷക അവാർഡുകൾക്ക് കൃഷി വകുപ്പ് അപേക്ഷ ക്ഷണിച്ചു. മിത്രാ നികേതൻ പത്മശ്രീ. കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്, സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ, യുവ കർഷക, യുവ കർഷകൻ, കേര കേസരി, ഹരിതമിത്ര, കർഷക ജ്യോതി. കർഷകതിലകം (വനിത) ശ്രമശക്തി, ക്ഷോണീസംരക്ഷണ, മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര്, പൈതൃക കൃഷി/ വിത്ത് വിതരണം/ സംരക്ഷണം/വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്, മികച്ച റസിഡന്റ് അസോസിയേഷൻ, ഹൈടെക് കർഷകൻ, കർഷക തിലകം, (സ്കൂൾ വിദ്യാർത്ഥിനി), കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) മികച്ച ഹയർസെക്കൻഡറി സ്കൂൾ കർഷക പ്രതിഭ, മികച്ച കലാലയ കർഷക പ്രതിഭ, മികച്ച ഫാം ഓഫീസർ, മികച്ച ജൈവ കർഷകൻ, മികച്ച തേനീച്ച കർഷകൻ, മികച്ച കൂൺ കർഷകൻ, തുടങ്ങിയ അവാർഡുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. മികച്ച കൃഷി ഭവനുള്ള അവാർഡിനൊപ്പം മികച്ച

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തദ്ദേശസ്വയംഭരണ സ്ഥാപനം ഉൽപാദന മേഖലയിലും സേവനമേഖലയിലെയും മൂല്യവർദ്ധിത മേഖലയിലെയും മികച്ച കൃഷിക്കൂട്ടങ്ങൾക്കും മികച്ച പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘത്തിനുമാണ് (PACS) പുതുതായി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിത്. വി.വി. രാഘവൻ മെമ്മോറിയൽ അവാർഡിന് പുറമേ ഏറ്റവും മികച്ച ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കുള്ള മിത്രാനികേതൻ പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് ഏറ്റവും മികച്ച കർഷകനുള്ള സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് എന്നിവയാണ് പുരസ്കാരങ്ങളിൽ വ്യക്തികളുടെ സ്മരണാർത്ഥം നൽകുന്നത് കൂടാതെ മികച്ച ചക്ക സംസ്കരണ കർഷകൻ/ ഗ്രൂപ്പുകൾ, പച്ചക്കറി കൃഷി പദ്ധതി, ജൈവ കൃഷി പദ്ധതി പ്രകാരമുള അവാർഡുകൾക്കും കർഷകരുടെ കണ്ടുപിടുത്തങ്ങൾക്കുള്ള ഇന്നവേഷൻ അവാർഡ്, മികച്ച കയറ്റുമതി സംരഭകൻ ഗ്രൂപ്പുകൾ മികച്ച വിളവെടുപ്പാനന്തര പരിചരണ മുറകൾ നടത്തുന്ന കർഷകർ, ഗ്രൂപ്പുകൾ എന്നീ അവാർഡുകൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ഇടുക്കി ജില്ലയിലെ കൃഷി ഭവനുകളിൽ 2023 ജൂലൈ 7 വരെ സ്വീകരിക്കുന്നതായിരിക്കും. കൃഷി ഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ക്ഷോണി സംരക്ഷണ അവാർഡിനുള്ള അപേക്ഷകൾ അതാത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും കർഷക ഭാരതി അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.fibkerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റിൽ ലഭ്യമാണ്.

3. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. മലബാർ മേഖലാ യൂണിയന്റെ അനുബന്ധസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ക്ഷീരകർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചിട്ടുള്ള ഉണക്കിപൊടിച്ച ചാണകപ്പൊടി കർഷകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നു. 1 കി.ഗ്രാം, 2 കി.ഗ്രാം, 5 കി.ഗ്രാം, 10 കി.ഗ്രാം, 30 കി.ഗ്രാം ബാഗുകളിലും കൂടുതൽ ആവശ്യമുള്ളവർക്ക് CFT (ക്യൂബിക് ഫീറ്റ്) അടിസ്ഥാനത്തിൽ മൊത്ത

വിലയ്ക്കും ചാണകപ്പൊടി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് കോട്ടാംപറമ്പിൽ പ്രവർത്തിക്കുന്ന മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ഓഫീസുമായോ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന പി & ഐ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207580188/9207680188 എന്നീ ഫോൺ നമ്പരുകളിലോ, ceomrdf@gmail.com എന്ന ഈ- മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം ഈ മാസം (ജൂലൈ 11,12) 11, 12 തീയതികളിൽ നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893159 എന്ന നമ്പരിലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർതാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19,20,21 തീയതികളിലായി കോഴിക്കോട് വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറി/ക്ലാർക്ക്മാർക്കായി സഹകരണ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 18.07.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ' ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർചെയ്യേണ്ടതാണ് .

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിൽ വാണിജ്യ പുഷ്പകൃഷി, പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും, വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ, ശുദ്ധജല മൽസ്യ കൃഷി, നഴ്സറി പരിപാലനവും സസ്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർദ്ധന മാർഗങ്ങളും എന്നീ പ്രായോഗിക പരിശീലന പരിപാടികൾ 2023 ജൂലൈ മാസത്തിൽ സംഘടിപ്പിക്കുന്നു. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 ഓഫിസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം